**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2657 06.11.2019 -ലെ മറുപടിക്ക്**

**പശ്ചിമകൊച്ചിയിലെ പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പശ്ചിമകൊച്ചിയിലെ ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നതും കുടുംബങ്ങളുടെ എണ്ണക്കുറവ് കൊണ്ട് അംബേദ്കർ ഗ്രാമവികസന പദ്ധതി പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതുമായ വെണ്ണത്തറ-കൊണ്ടേത്തറ, വട്ടുവിന്റെ ചിറ, പൊഴിച്ചിറ അംബേദ്കർ, പുത്തൻകരി, അറബിത്തറ, പനമ്പുകാട്, പുത്തൻകരി തുടങ്ങിയ പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br><br>അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്നതിന് കോളനിയിൽ കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങളുണ്ടായിരിക്കണം, മറ്റു കോളനികളിൽ ആവശ്യമായ പ്രവൃത്തികൾ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ഇത്തരം കോളനികളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ